ക്രമപ്രശ്നം

<u>മി. സ്പീക്കർ:</u> ശ്രീ. ബാബു എം. പാലിശ്ശേരിയുടെ ക്രമപ്രശ്നമാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303–ൽ ക്രമപ്രശ്നമുന്നയിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഉന്നയിക്കുന്ന ക്രമപ്രശ്നം നിയമസഭ നടപടി ചട്ടങ്ങളുടെയോ ഭരണഘടനയിൽ സഭയുടെ കാര്യനിർവ്വഹണം ക്രോഡീകരിക്കുന്ന അനുച്ഛേദങ്ങളുടെയോ വ്യാഖ്യാനത്തെയോ, നടപ്പിലാക്കാനോ സംബന്ധിച്ചുള്ളതാകണമെന്നും സ്പീക്കറുടെ അധികാര പരിധിയിൽപ്പെടുന്ന ഒരു പ്രശ്നമായിരിക്കണം ഉന്നയിക്കേണ്ടതെന്നും ചട്ടം 303–ൽ കൃത്യമായും നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീ. ബാബു എം. പാലിശ്ശേരി നോട്ടീസ് നൽകിയിട്ടുള്ള ക്രമപ്രശ്നം ഇത് സഭയ്ക്കോ ചെയറുമായിട്ടോ യാതൊരു തരത്തിലുള്ള ബന്ധവുമുള്ളതല്ല. അങ്ങേയ്ക്ക് വേണമെങ്കിൽ ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളെ സമീപിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ചർച്ചയൊന്നുമില്ല. പ്ലീസ്.

<u>ശ്രീ. ബാബു. എം. പാലിശ്ശേരി:</u> സർ, 140 എം.എൽ.എ. മാരുടേയും അഭിമാന പ്രശ്നമാണിത്.

<u>മി. സ്പീക്കർ:</u> നോ. സംസാരിക്കാൻ പറ്റില്ലെന്ന് പറഞ്ഞാൽ... ഈ കാര്യത്തിൽ എനിക്ക് അധികാരമില്ല. അതുശരിയല്ല. ഈ വിഷയം സംസാരിക്കരുതെന്ന് പറഞ്ഞിട്ട് ... ശരിയല്ല.. പ്ലീസ് എന്താണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ സഭയിൽ പരാമർശിക്കാൻപോലും പാടില്ലാത്ത എന്ത് പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്.

മി. സ്പീക്കർ: 303 അനുസരിച്ച് ഒരു ക്രമപ്രശ്നം തരുമ്പോൾ ആ ക്രമപ്രശ്നത്തിന് മറുപടി പറയേണ്ടതൊന്നും ഈ സഭയേയോ സ്പീക്കറേയോ ബാധിക്കുന്നതല്ല. ആദ്ദേഹത്തിന് ഈ വിഷയം അവതരിപ്പിക്കാൻ നമ്മുടെ സിസ്റ്റമനുസരിച്ച് ബന്ധപ്പെട്ട അധികാരികളുണ്ട്. അവിടെ കൊടുക്കാമല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഗവണ്മെന്റിന്റെ പ്രതിനിധികൾ ഇവിടെയുണ്ടല്ലോ. അപ്പോൾ 304 ആനുവദിച്ചുകൂടെ?

മി. സ്പീക്കർ: 304 അനുവദിക്കാനുള്ള പരിമിതമായ ഒരധികാരമാണ് സ്പീക്കർക്കുള്ളത്. അത് സ്പീക്കർ അങ്ങനെയൊന്നുമെടുത്ത് ദുരുപയോഗപ്പെടുത്താറില്ല. അത് നിങ്ങൾക്കുമറിയാവുന്നതാണ്.

ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ: സർ, പിന്നെ എവിടെപ്പോയി പറയും?

മി. സ്പീക്കർ : അത് പറയുന്നതിന് സ്ഥലമുണ്ട്, അധികാരികളുണ്ട്. നമ്മുടെ നാട്ടിലെ സിസ്റ്റമനുസരിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റുണ്ട്, പോലീസുണ്ട്, അങ്ങനെ പലതുമുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ സഭയിൽ എല്ലാവരും ചർച്ച ചെയ്യപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നവും ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയുമായ " നിയമസഭയ്ക്കുമുന്നിൽ വീണ്ടും നായ്ക്കൂട്ടത്തിന്റെ ആക്രമണം കടിച്ചത് പോലീസിന് ". തോക്കും ഗ്രനേഡും ലാത്തിയുമൊക്കെ വച്ചുകൊണ്ടുനിന്ന

ശ്രീ. അനിൽകുമാർ എന്ന ഒരു പോലീസിനെയാണ് നായ കടിച്ചിരിക്കുന്നത്. ഏതാണ്ട് രണ്ടുമൂന്ന് പല്ലുകൾ താഴ്ന്നു. ഇത് ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയാണ്. രണ്ടായിരത്തോളം വരുന്ന നായ്ക്കൾ ഈ നിയമസഭ കോംപ്ലക്സിനകത്തും പുറത്തുമുണ്ട്. അങ്ങ് വിചാരിച്ചാൽ നടക്കുന്ന മൂന്ന് നിർദ്ദേശങ്ങൾ ഞാൻ പറയാം. പ്രശസ്ത സാഹിത്യകാരനായിട്ടുള്ള ശ്രീ. എം. പി. നാരായണ പിള്ളയുടെ പരിണാമം എന്ന നോവലിൽ മത്തായി എന്നു പറയുന്ന പട്ടിയെ കൊന്നത് പൂയില്യൻ എന്നുപറയുന്ന ഒരു കക്ഷിയാണ്. കൊന്നതെങ്ങനെയെന്നുവച്ചാൽ മത്തായി എന്ന പട്ടിയുടെ ഒരു കാലിൽ ചവിട്ടി മറ്റേ കാലുകൊണ്ട് വലിച്ചുകീറുകയാണ് ചെയ്തത്. ആ പൂയില്യന് നിയമം ബാധകമല്ല. അങ്ങ് വിചാരിച്ചാൽ പൂയില്യനെ വരുത്താൻ കഴിയുമെങ്കിൽ വരുത്തണം. അതല്ലെങ്കിൽ പട്ടിയിറച്ചി സംസ്കരണ കോർപ്പറേഷനുണ്ടാക്കി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കണം. ഇതുമല്ലെങ്കിൽ കേന്ദ്ര നിയമത്തിനകത്തുനിന്നുകൊണ്ട് സംസ്ഥാനത്തൊരു നിയമമുണ്ടാക്കണം. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ഉത്തരവാദിത്വം ഗവണ്മെന്റിനുണ്ട്. തോക്കും വച്ചുകൊണ്ട് നിൽക്കുന്ന പോലീസിന്റെ ഗതി ഇതാണെങ്കിൽ അങ്ങയുടേയും എന്റേയുമൊക്കെ ഗതി എന്തായിരിക്കും; പൂയില്യനെ അങ്ങ് വിചാരിച്ചാൽ വിളിക്കാൻ കഴിയുമോ?

<u>മി. സ്പീക്കർ</u>: സൂചി കടത്തേണ്ടിടത്ത് തൂമ്പ കയറ്റേണ്ട. കിട്ടിയ സമയത്തിനുള്ളിൽ ബന്ധുവിന്റെ ഒരു പുസ്തകത്തെക്കുറിച്ചുള്ള ഒരു പ്രചരണംകൂടി നടത്തി. ശ്രീ. ശിവൻ കുട്ടി ഉന്നയിച്ചത് ഗൗരവതരമായ വിഷയമാണ്. നിയമസഭയ്ക്കകത്തും പുറത്തും നാഗാലാന്റിലേയ്ക്ക് പട്ടിയെ കയറ്റിവിടുന്ന കാര്യമൊക്കെ പറഞ്ഞു. നാഗാലാന്റിലെ മലയാളി സംഘടനയുടെ പ്രസിഡന്റിന്റെ ഗൗരവതരമായ ഒരു കത്ത് എനിക്ക് വന്നിട്ടുണ്ട്. അദ്ദേഹം

എത്രയോ വർഷമായി ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളാണ്. അവിടെയുള്ള മലയാളികളുടെ എണ്ണമെല്ലാം പറഞ്ഞിട്ടുണ്ട്. ആ കത്തിൽ പറഞ്ഞിരിക്കുന്നത്, ഞങ്ങൾ മലയാളികൾ ഇവിടെ അദ്ധ്വാനിച്ച് അന്തസ്സോടു കൂടി ജീവിക്കുന്നു. പക്ഷെ ഞങ്ങൾ താമസിക്കുന്ന സ്ഥലം കേരളത്തിൽനിന്ന് നായ്ക്കളെ കയറ്റിവിടുന്ന ഒരു സ്ഥലമായി മാറ്റരുതെന്ന് അതിശക്തമായി പറഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല, സഭയിൽ പറഞ്ഞ കാര്യങ്ങൾ രേഖയിൽനിന്ന് നീക്കണം ചെയ്യണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ടാണ് കത്തു വന്നിരിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി : സർ, നാഗാലാന്റിലുള്ളവർ പട്ടിയിറച്ചി കഴിക്കില്ലെങ്കിൽ അങ്ങേയ്ക്ക് അത് രേഖയിൽ നിന്ന് നീക്കം ചെയ്യാം.

മി. സ്പീക്കർ: നമ്മൾ അത്ര ഡീറ്റയിൽസിലേയ്ക്ക് പോകണ്ട. അത് പാടില്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, അവിടെ ഡോഗ് മാർക്കറ്റ് എന്നുപറയുന്ന ഒരു മാർക്കറ്റ് തന്നെയുണ്ട്. ഞങ്ങൾ ടൂറിനൊക്കെ പോകുമ്പോൾ കണ്ടിട്ടുണ്ട്. മലയാളികൾ എന്തുപറഞ്ഞാലും അത് സത്യമാണ്. വെറുതെ പറഞ്ഞതല്ല. ഉത്തരവാദത്തോടുകൂടി പറഞ്ഞതാണ്.

മി. സ്പീക്കർ : അതുകൊണ്ട് നായ്ക്കളെ കയറ്റിവിടാൻ നമുക്ക് കഴിയില്ലല്ലോ. ....... (ബഹളം)........ പ്ലീസ്......

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം)

നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 –ലെ കേരള ധനകാര്യ ബില്ലും 2014–ലെ കേരള ധനകാര്യ (2–ാം) നമ്പർ ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. ബെന്നി ബെഹനാൻ: സർ, 303 അനുസരിച്ചുള്ള ഒരു ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. 2014–ലെ കേരള ധനകാര്യ ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്തപ്പോൾ II-ഉം V-ഉം സബ്ജക്ട് കമ്മിറ്റികൾ സംയുക്തമായി യോഗം ചേർന്ന് പരിഗണിക്കണമെന്നാണ് പറഞ്ഞത്. അതൊക്കെ സാധാരണ ഗതിയിലാണ്. അങ്ങനെ യോഗം ചേർന്ന ശേഷം അതിന്റെ വിയോജനക്കുറിപ്പ് എഴുതുമ്പോൾ ഈ മൂന്ന് സബ്ജക്ട് കമ്മിറ്റികളുടെയും അംഗങ്ങൾ ഒരുമിച്ച് വിയോജനക്കുറിപ്പ് കൊടുത്തിരിക്കുകയാണ്. സാധാരണ ഇത് നടക്കാറില്ല. ഡോ: ടി. എം. തോമസ് ഐസക്, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. വി. ചെന്താമരാക്ഷൻ എന്നിവരാണ് VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾ. പക്ഷെ ഇവിടെ വിയോജന

ക്കുറിപ്പ് എഴുതിയിരിക്കുന്നത് സർവ്വശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. വി. അബ്ദുൾ ഖാദർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, ശ്രീമതി കെ. കെ. ലതിക എന്നിവർ ചേർന്ന 9 പേരാണ്. കെട്ടിടനികുതി തുക ഇരട്ടിയാക്കുന്നത് II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന താണ്. അതുപോലെ മോട്ടോർ വാഹനങ്ങളുടെ കാര്യങ്ങളൊക്കെ V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണ്. സംയുക്ത മായി യോഗം ചേരുന്നതിലല്ല, സംയുക്തമായി വിയോജനക്കുറിപ്പ് എഴുതു ന്നതിലാണ് പ്രശ്നം. 9 പേരും ഒരേ തരത്തിലുള്ള വിയോജനക്കുറിപ്പാണ് എഴുതിയിരിക്കുന്നത്. അത് ഓർഡറിലാണോയെന്നതിന് സ്പീക്കറുടെ റൂളിംഗ് വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

റൂളിംഗ്

മി. സ്പീക്കർ: യഥാർത്ഥത്തിൽ നേരത്തെയുള്ള ചെയറിന്റെ റൂളിംഗിന് വിരുദ്ധമായിട്ടാണ് ഇങ്ങനെ വന്നത്. ഇതിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ട്. 2014-ലെ ധനകാര്യ ബില്ലും 2014-ലെ ധനകാര്യ (രണ്ടാം നമ്പർ) ബില്ലും രണ്ടും, അഞ്ചും സബ്ജക്ട് കമ്മിറ്റികളു മായി ചേർന്ന് പരിഗണിക്കുന്നതിന് എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റി ജൂലൈ 9-ാം തീയതി സഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ അയച്ചി രുന്നു. 2014-ലെ ധനകാര്യ ബിൽ പരിഗണിച്ച സബ്ജക്ട് കമ്മിറ്റി യോഗ ത്തിൽ പങ്കെടുത്ത അംഗങ്ങളിൽ ഒൻപത് പേർ പൊതുവായി ഒരേ വിയോജന ക്കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ നടപടി തികച്ചും

തെറ്റാണ്. ഇക്കാര്യം സംബന്ധിച്ച് 2012 ജൂലൈ 17-ാം തീയതി ചെയർ റൂളിംഗ് നൽകിയിരുന്നു. രണ്ടാം സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളും അഞ്ചാം സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളും ആ കമ്മിറ്റി പ്രതിനിധാനം ചെയ്യുന്ന വിഷയത്തെ അടിസ്ഥാനമാക്കി മാത്രമേ വിയോജനക്കുറിപ്പ് നൽകാവൂ എന്ന് ചെയർ അന്ന് റൂളിംഗ് നൽകിയിരുന്നു. 2012-ൽ ഉണ്ടായ പിഴവ് വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. അത് നിയമസഭാ സെക്രട്ടറിയേറ്റിന്റെ ഭാഗത്തുനിന്നും വന്ന പിഴവുതന്നെയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് ബഡ്ജറ്റ് സ്ക്രൂട്ടണിക്കു വേണ്ടി കൂടുന്നതാണല്ലോ. ആ മൂന്ന് സബ്ജക്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ചർച്ച ചെയ്യുമ്പോൾ അതിലൊരു മെമ്പർക്ക് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ അത് കൊടുത്തുകൂടെ? അന്നത്തെ ആ റൂളിംഗും ഇതുമായിട്ട് വ്യത്യാസമുണ്ട്. അന്നൊരു പ്രത്യേക കാര്യത്തിനുവേണ്ടി ചേർന്ന സബ്ജക്ട് കമ്മിറ്റിയുടെ കാര്യമാണ് പറയുന്നത്. ഇപ്പോൾ അതല്ല, ബഡ്ജറ്റ് സ്ക്രൂട്ടണിയുമായി ബന്ധപ്പെട്ട മൂന്ന് സബ്ജക്ട് കമ്മിറ്റികൾ ഒന്നിച്ചു ചേർന്നതാണ് പ്രശ്നം.

മി. സ്പീക്കർ: അന്നത്തേതും ഫിനാൻസ് ബിൽ തന്നെയായിരുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഒരു മീറ്റിംഗ് മാത്രമായി നടക്കുകയും ആ മീറ്റിംഗിന് ഒരു യോഗ നടപടിക്കുറിപ്പ് മാത്രം ഉണ്ടാവുകയും ചെയ്താൽ മിനിറ്റ്സ് ഒന്നുതന്നെയായിരിക്കും. അപ്പോൾ ഒന്നുപോലെയല്ലേ എഴുതാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ പ്രത്യേകം പ്രത്യേകം യോഗം ചേരണം.

മി. സ്പീക്കർ: അതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, വ്യത്യസ്തമായ ബില്ലുകൾ വരുന്നതു കൊണ്ടാണ് സബ്ജക്ട് കമ്മിറ്റികൾ ഒരുമിച്ച് വന്നത്. വിയോജനക്കുറിപ്പ് കൊടുക്കുന്നവർ അവരുടെ സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട വിഷയ ത്തിൽ മാത്രമേ വിയോജനക്കുറിപ്പ് കൊടുക്കാൻ കഴിയുകയുള്ളൂ. അല്ലാതെ പൊതുവായ വിയോജനക്കുറിപ്പ് കൊടുക്കാൻ കഴിയില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ശരിയാണ്. ഞാൻ അതിലേയ്ക്കാണ് വരുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഡിസന്റ് എഴുതാൻ പാടില്ലെന്ന് പറയുന്നത് ശരിയല്ല. അവരുടെ വിഷയവുമായി ബന്ധപ്പെട്ട് ഡിസന്റ് എഴുതാം.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ ഡിസന്റ് നോട്ട് എഴുതാനുള്ള അവകാശം അവർക്കുണ്ട്. അതിൽ ശ്രീ. വി. ഡി. സതീശൻ പറഞ്ഞ ഒരു പോയിന്റുമുണ്ട്. ഇങ്ങനെ വന്നതുകൊണ്ടാണ് കഴിഞ്ഞതവണ തന്നെ റൂളിംഗ് ചെയറിൽ നിന്നുണ്ടായത്. അതാത് സമയത്ത് അക്കാര്യം ഓർമ്മപ്പെടുത്തേണ്ടതാണ്. അത് നിയമസഭാ സെക്രട്ടേറിയേറ്റിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

രണ്ടാം സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളായ ശ്രീ. ബാബു. എം. പാലിശ്ശേരി, ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. സി. കെ. നാണു എന്നീ അംഗങ്ങൾക്ക് ധനകാര്യ ബില്ലിലെ 1975 ലെ കേരള കെട്ടിട നികുതി ആക്ടിന്റെ ഭേദഗതിക്ക് മാത്രമേ വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതുപോലെ തന്നെ അഞ്ചാം സബ്ജക്ട് കമ്മിറ്റി അംഗ

ങ്ങളായ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീമതി കെ. കെ. ലതിക എന്നീ അംഗങ്ങൾക്ക് ധനകാര്യ ബില്ലിലെ 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിന്റെ ഭേദഗതിക്ക് മാത്രമേ വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഒൻപത് അംഗങ്ങളും പൊതുവായി വിയോജനക്കുറിപ്പ് എഴുതി നൽകിയിരിക്കുന്നത് ക്രമാനുസൃതമല്ല. ചെയറിന്റെ 2012-ലെ റൂളിംഗ് സമിതി അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ നിയമസഭാ സെക്രട്ടേറിയേറ്റിന്റെ ഭാഗത്ത് നിന്ന് പിഴവ് സംഭവിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ഭാഗമായി ഒൻപത് അംഗങ്ങൾ ഒപ്പിട്ട് പൊതുവായ വിയോജനക്കുറിപ്പ് ഇതിനകം തന്നെ സഭയിൽ വന്നിട്ടുള്ള സാഹചര്യത്തിൽ അതിന്മേൽ പ്രസംഗിക്കുന്ന രണ്ട്, അഞ്ച് എന്നീ സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾ മേൽപ്പറഞ്ഞ കാര്യം കൂടി ഉൾക്കൊണ്ടുവേണം പ്രസംഗിക്കുവാനെന്ന് ചെയർ നിർദ്ദേശിക്കുന്നു. ഈ ബില്ലിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ള ഒൻപത് അംഗങ്ങൾ ഉൾപ്പെടെ പതിമൂന്ന് അംഗങ്ങൾ ഇന്നത്തെ ചർച്ചയിൽ പങ്കെടുക്കുവാനുണ്ട്. ഈ സാഹചര്യത്തിൽ വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള എട്ടാം സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾ പത്ത് മിനിട്ട് വീതവും മറ്റ് കമ്മിറ്റി അംഗങ്ങൾ അഞ്ച് മിനിട്ട് വീതവും വിയോജനക്കുറിപ്പിന്മേൽ പ്രസംഗിക്കാവൂവെന്ന നിർദ്ദേശം ചെയർ മുന്നോട്ട് വയ്ക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങയുടെ തീരുമാനത്തെ ചോദ്യം ചെയ്യാൻ പാടില്ല. പക്ഷെ, അവകാശമില്ലാത്ത സംഗതി പിന്നെ സംസാരിക്കുന്നത് ഓർഡറിലല്ല എന്ന് ഞാൻ അഭിപ്രായം രേഖപ്പെടുത്തുന്നു. അത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് എം.എൽ.എ.മാരുടെ കുറ്റം കൊണ്ടല്ല. അങ്ങനെയെങ്കിൽ പ്രത്യേകം പ്രത്യേകം സബ്ജക്ട് കമ്മിറ്റി ചേരേണ്ടതായിരുന്നു. പ്രത്യേകം പ്രത്യേകം സബ്ജക്ട് കമ്മിറ്റി കൂടി പ്രത്യേകം പ്രത്യേകം വിയോജനക്കുറിപ്പ് എഴുതാൻ അവകാശം കൊടുക്കേണ്ടതായിരുന്നു. അത് മെമ്പർമാരുടെ വീഴ്ചയല്ല. ശ്രീ. ബെന്നി ബെഹനാന് 10 മിനിട്ട് ലാഭിക്കാൻ വേണ്ടി കുരുട്ട് വിദ്യ പ്രയോഗിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ഇത് ബഹുമാനപ്പെട്ട മെമ്പർമാരുടെ ഭാഗത്തുള്ള വീഴ്ചയല്ല, ഞാൻ സമ്മതിക്കുന്നു. പക്ഷെ ഒരു വീഴ്ചയുണ്ടായതുകൊണ്ടാണ് പ്രിന്റ് ചെയ്ത് സഭയുടെ മേശപ്പുറത്ത് വന്നത്. ഇവിടെ മെമ്പർമാരുടെ അവകാശത്തെ ഹനിക്കുന്നില്ല. സമയത്തിന്റെ നിയന്ത്രണത്തിന് ഞാൻ ഒരു നിർദ്ദേശം വച്ചുവെന്നേയുള്ളൂ. മെമ്പർമാരുടെ അവകാശത്തെ മാറ്റി നിർത്തണമെന്നല്ല ശ്രീ. ബെന്നി ബെഹനാൻ ഉദ്ദേശിച്ചത്. ധനകാര്യബില്ലുകൾ ഒന്നിൽക്കൂടുതൽ സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിശോധനയ്ക്ക് ഭാവിയിൽ അയയ്ക്കുന്ന വേളയിൽ നിയമസഭാ സെക്രട്ടേറിയേറ്റ് ഈ റൂളിംഗിന് അനുസൃതമായി മാത്രമേ വിയോജനക്കുറിപ്പ് സ്വീകരിക്കാവൂ എന്നും ചെയർ റൂൾ ചെയ്യുന്നു.